(ബി) എത്ര വർഷംകൊണ്ട് പണി പൂർത്തിയാക്കാമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത് ;

(സി) എത്ര ശതമാനം നിർമ്മാണപ്രവർത്തനമാണ് പൂർത്തിയായത് ; എത്ര തുക കരാറുകാരൻ കൈപ്പറ്റി ;

(ഡി) എന്നു മുതൽക്കാണ് നിർമ്മാണപ്രവർത്തനങ്ങൾ തടസ്സപ്പെട്ടതെന്നും, എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ ;

(ഇ) കരാറുകാരന്റെ വീഴ്ചകൊണ്ടാണെങ്കിൽ അയാൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുകയുണ്ടായോ ;

(എഫ്) റോഡുനിർമ്മാണം പുനരാരംഭിക്കാൻ എത്ര തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) നബാർഡ് RIDF VIII പദ്ധതിയിൽ

(ബി) 2 വർഷം കൊണ്ട്.

(സി) ഏകദേശം 55% പ്രവൃത്തികൾ പൂർത്തീകരിച്ചു. 3,17,68,198 രൂപ

(ഡി) മേയ് 2007 മുതൽ പ്രവൃത്തി തടസ്സപ്പെട്ടു. വയലുകൾക്കു നടുവിലൂടെയുള്ള റോഡു നിർമ്മാണത്തിന് കാലവർഷംമൂലം വർഷത്തിൽ 6 മാസം മാത്രം ലഭിക്കാവുന്ന അവസ്ഥ, ഇറിഗേഷൻ വകുപ്പിൽനിന്നും സ്ഥലം കൈമാറിക്കിട്ടാത്ത സാഹചര്യം, കർഷകരുടെ എതിർപ്പ്, കരാറുകാരന്റെ ബിൽത്തുക യഥാസമയം കൊടുത്തു തീർക്കുവാനുള്ള കാലതാമസം എന്നിവ പ്രവൃത്തി തടസ്സപ്പെടുന്നതിന് കാരണമായിട്ടുണ്ട്.

(ഇ) കരാറുകാരന്റെ വീഴ്ച കൊണ്ടല്ലാത്തതിനാൽ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയാണ് പ്രവൃത്തി അവസാനിപ്പിച്ചത്. ആയതിനാൽ കരാറുകാരന്റെ പേരിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(എഫ്) പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് 10 കോടി രൂപ വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

കച്ചേരിപ്പടി-പഷ്ണിത്തോട് ഓൾഡ് എൻ.എച്ച്. വീതികൂട്ടുന്നതിന് നടപടി

204 (1932) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളുരുത്തി കച്ചേരിപ്പടി-പഷ്ണിത്തോട് ഓൾഡ് എൻ.എച്ച്. വീതികൂട്ടുന്നതിനാവശ്യമായ സ്ഥലമെടുപ്പ് സംബന്ധിച്ച പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതു സംബന്ധിച്ച നടപടിക്രമങ്ങളിൽ തുടരെത്തുടരെ പിശകുകൾ വരുന്നതുമൂലം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു പരിഹരിച്ച് റോഡിന് ആവശ്യമായ ഭൂമി അടിയന്തരമായി ഏറ്റെടുക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ നടപടികൾ റവന്യൂ വകുപ്പിൽ നടന്നുകൊണ്ടിരിക്കുന്നു. അർജൻസി ക്ലോസിൽ ഉൾപ്പെടുത്തിയാൽ മാത്രമേ എൽ.എ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. റവന്യൂ അതോറിറ്റി തന്നിരിക്കുന്ന കെട്ടിടങ്ങളുടെ സ്ട്രക്ചറൽ വാല്യൂവേഷൻ നടന്നുകൊണ്ടിരിക്കുന്നു.

(ബി&സി) ഉണ്ട്, ആയത് പരിഹരിച്ച് ഭൂമി ഏറ്റെടുക്കുവാനുള്ള എല്ലാ നടപടികളും എടുത്തു കൊണ്ടിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ എം. ഡി. ആർ. റോഡുകൾ

205 (1933) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ നിലവിലുള്ള എം.ഡി.ആർ. റോഡുകളുടെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) പഞ്ചായത്തുകൾക്ക് കൈമാറിയ ഒ.ഡി.ആർ. റോഡുകളിൽ പ്രധാനപ്പെട്ടവ എം.ഡി.ആർ. ആക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി&സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

പൊതുമരാമത്ത് വകുപ്പിലെ ക്ലാർക്കുമാരുടെ എണ്ണം വെട്ടിക്കുറച്ച നടപടി

206 (1934) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിലെ ക്ലാർക്കുമാരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ടോ ; ഈ തസ്തികകൾ മറ്റേതെങ്കിലും വകുപ്പുകളിലേക്ക് പുനർവിന്യാസം ചെയ്തിട്ടുണ്ടോ ;

(ബി) തസ്തികകൾ വെട്ടിക്കുറച്ചതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly